LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിലെ കുളങ്ങൾ കൃഷി വകുപ്പ് മുഖേന നവീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആർ.ഐ.ഡി.എഫ്. പദ്ധതിയുടെ 20-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 12 കുളങ്ങൾ കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനകാലത്ത് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നവീകരിക്കുകയും 3 കുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

റാന്നിയിൽ മിനി അഗ്രോ പാർക്ക്

98(1083) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ കാർഷിക വിഭവങ്ങളുടെയും നാണ്യവിളകളുടെയും നാടായ റാന്നിയിലെ ഉൽപ്പന്നങ്ങളെ റാന്നി ബ്രാൻഡ് എന്ന ജ്യോഗ്രഫിക് പ്രതീകത്തിൽ ലോക കമ്പോളത്തിലെത്തിക്കുന്നതിനെക്കുറിച്ച് പഠിക്കാനും റാന്നിയിൽ മിനി അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കാനും നടപടി സ്വീകരിക്കുമോ;

&

(ബി) റാന്നിയിലെ കർഷകരിൽനിന്ന് നേരിട്ട് കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിച്ച് വിപണനം ചെയ്യുന്നതിനും കൂടുതൽ മാർക്കറ്റിംഗ് സാദ്ധ്യതകൾക്കായും റാന്നി ബ്രാൻഡ് ഔദ്യോഗികമാക്കാൻ വേണ്ട അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുമോ എന്നറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

മലമ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

99(1084) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കൃഷി വകുപ്പ് മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

&

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും അറിയിക്കാമോ?

NABARD RIDF XXV ട്രാഞ്ചെയിൽ ഉൾപ്പെടുത്തി മലമ്പുഴ അസംബ്ലി നിയോജക മണ്ഡലത്തിലെ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 17.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

വാമനപുരം മണ്ഡലത്തിലെ ജീവനി പദ്ധതി

100(1085) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ജീവനി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്തടി സ്ഥാനത്തിൽ നൽകാമോ?

വാമനപുരം കൃഷിഭവനിൽനിന്നും കൃഷി വകുപ്പ് മുഖേന നടപ്പാക്കിയ പ്രവർത്തനങ്ങൾ - 3,750 പച്ചക്കറി വിത്തുകിറ്റുകളും 24,210 പച്ചക്കറി തൈകളും സൗജന്യമായി കർഷകർക്ക് നൽകി. 125-ഓളം മുരിങ്ങ, അഗത്തി തുടങ്ങിയവയുടെ തൈകൾ കർഷകർക്ക് നൽകി. 1.3 ഹെക്ടർ സ്ഥലത്ത് തരിശുനില പച്ചക്കറി കൃഷി ചെയ്തു. വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽക്കൂടി പദ്ധതിയുടെ മികച്ച പ്രവർത്തനങ്ങൾ പ്രദർശിപ്പിച്ചു. സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് പ്രചരണ പ്രവർത്തനം നടത്തി. കൃഷി പാഠശാലകളിലൂടെ കർഷകർക്കായി 15-ഓളം പരിശീലന, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി. ജനപ്രതിനിധികളുടെ വാസസ്ഥലത്ത് പോഷക പ്രദർശനത്തോട്ടങ്ങൾ നിർമ്മിച്ചു. ഗ്രാമ പ്രദേശങ്ങളിലെ 150 വീട്ടുവളപ്പുകളിലും മട്ടുപ്പാവുകളിലും ജൈവരീതിയിലുള്ള പോഷകത്തോട്ടങ്ങൾ നിർമ്മിച്ചു. കൃഷിഭവനുകീഴിൽ ഒരു ക്ലസ്റ്റർ പ്രവർത്തനക്ഷമമാണ്. കൂടാതെ ഒരു മഴമറ നിർമ്മിക്കുകയും ചെയ്തു. 24 സൂക്ഷ്മജലസേചന യൂണിറ്റുകൾ സ്ഥാപിച്ചു. 20 ഫാം ഫീൽഡ് സ്കൂളുകൾ സംഘടിപ്പിച്ചു. നിലവിൽ കൃഷിഭവനുകീഴിൽ ബി.എൽ.എഫ്.ഒ. വിപണി, ക്ലസ്റ്റർ മാർക്കറ്റ്, ആഴ്ചചന്ത, ഇക്കോഷോപ്പ് എന്നിവ ഓരോന്നു വീതം പ്രവർത്തിക്കുന്നു. പ്രാദേശിക ഉത്സവങ്ങളുമായി ബന്ധപ്പെടുത്തി ആകെ 2 പച്ചക്കറി സ്റ്റാളുകളും ചന്തകളും സംഘടിപ്പിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly